(സി) മൊത്തം 4071 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

(ഡി) 285 (ഇരുന്നൂറ്റി എൺപത്തിയഞ്ച്).

(ഇ) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

പരീക്ഷാ ഭവനിൽ എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിൽ ഉള്ള കാലതാമസം

68 (2072) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാ ഭവനിൽ എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിലും മറ്റും ഉള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷ മൂല്യനിർണ്ണയകാലത്ത് അടിയന്തര ആവശ്യാർത്ഥം ജീവനക്കാരെ താൽക്കാലികമായി മാറ്റിനിർത്തുന്നതുമൂലം അപേക്ഷകർക്ക് ജനനത്തീയതി തിരുത്തിക്കിട്ടുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എസ്.എസ്.എൽ.സി. ബുക്കിലെ രക്ഷിതാക്കളുടെ പേരിൽ ഉള്ള തിരുത്ത് നടത്തുന്നുണ്ടോ ; എങ്കിൽ പേരിലെ തിരുത്ത് നടത്താൻ ആവശ്യമായ രേഖകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ജനനത്തീയതി തിരുത്താനുള്ള ഏതു ദിവസം വരെയുള്ള അപേക്ഷകളിൻമേൽ തീർപ്പുകൽപ്പിച്ച് അപേക്ഷകർക്ക് അയച്ചെന്ന് സെക്ഷൻ തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാലതാമസം നീക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർ തസ്തികയിലുള്ള 4 ഉദ്യോഗസ്ഥരും, 4 സൂപ്രണ്ടും 16 ക്ലാർക്കുമാരും കൂടാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റേഴ്സിനെയും അധികമായി നിയമിക്കുകയുണ്ടായി.

(ബി) ഇപ്പോഴത്തെ സാഹചര്യത്തിൽ കാലതാമസം വരുന്നില്ല.

(സി) 'ക്ലറിക്കൽ എറർ' ആണെങ്കിൽ തിരുത്തി നൽകുന്നുണ്ട്. പേരിലെ തിരുത്തലുകൾക്ക് ഒന്നാം തരത്തിൽ ചേർത്ത അപേക്ഷ, അതിന്റെ അറ്റസ്റ്റഡ് കോപ്പി, അഡ്മിഷൻ രജിസ്റ്ററിൽ കുട്ടിയുടെ പേരു വന്ന പേജിന്റെ അറ്റസ്റ്റഡ് കോപ്പി, അപേക്ഷകൻ പത്താംതരം പഠിച്ചിരുന്ന സ്കൂൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഹെഡ്മാസ്റ്ററുടെ വിശദമായ റിപ്പോർട്ടും കത്തും, 10-ാം ക്ലാസ്സ് കഴിഞ്ഞ കുട്ടിയാണെങ്കിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച വിശദമായ അപേക്ഷ, സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ അസ്സൽ പകർപ്പ്, ഒറിജിനൽ എസ്.എസ്. എൽ.സി. ജനന സർട്ടിഫിക്കറ്റിന്റെ അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പും, വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം, 30 രൂപയുടെ ചെല്ലാൻ രസീത് എന്നിവ ഹാജരാക്കേണ്ടതാണ്.

(ഡി) 31-12-2010 വരെ എല്ലാ ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ 98% തീർപ്പുകല്പിച്ച് ഉത്തരവ് നല്കിയിട്ടുണ്ട്.

സർട്ടിഫിക്കറ്റ് തിരുത്തൽ വരുത്താൻ മേഖലാടിസ്ഥാനത്തിൽ സെന്ററുകൾ

69 (2073) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാ ഭവനിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ സെന്ററുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

70 (2075) ശ്രീ. ആർ സെൽവരാജ് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനം ഒരുക്കുന്നതിനായി പോളിടെക്നിക്കുകൾക്ക് എത്ര കമ്പ്യൂട്ടറുകൾ ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഹൈടെക് ക്ലാസ്മുറികൾ സജ്ജീകരിക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly